പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 702. | 02.12.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ, പാൽ എന്നിവയിൽ അനുവദനീയമായതിൽ കൂടുതൽ വിഷാംശം ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ,എന്നിവയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. പാലിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല. |
| ബി) | ഇത്തരം ഭക്ഷ്യോൽപന്നങ്ങൾ ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ; | ബി) | ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടു വരുന്ന എല്ലാത്തരം. ഭക്ഷ്യോൽപന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം,എറണാകുളം,കോഴിക്കോട് എന്നി ജില്ലകളിലുള്ള അനലിറ്റിക്കൽ ലാബുകളിലും കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കാറുണ്ട്. |
| സി) | കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഇത്തരം വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കൾ വിൽപനയ്ക്കായി എത്തിച്ചതിന്റെ പേരിൽ ഏതു കമ്പനികൾ സ്ഥാപനങ്ങൾ/ വിതരണക്കാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ; | | സംസ്ഥാനത്തെ വിപണികളിൽ നിന്ന് കഴിഞ്ഞ 6 മാസത്തിനുള്ളിൽ പരിശോധിച്ച ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമത്തിൽ പ്രതിപാദിക്കാത്ത നിരവധി കീടനാശിനികളുടെ സാന്നിധ്യമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല |

| | | | |
|---|---|---|---|
| ഡി) | ഇത്തരം ഭക്ഷ്യ വസ്തുക്കൾ അതിർത്തി കടന്ന് വരുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | | ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവകാലയളവുകളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് പച്ചക്കറികൾ, പാൽ, എന്നിവ കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട് കൂടാതെ പ്രത്യേക സാഹചര്യങ്ങളിൽ അതിർത്തി . ചെക്ക്പോസ്റ്റുകളുള്ള ജില്ലയിൽ പ്രത്യേക ജാഗ്രത നിർദ്ദേശം നൽകാറുള്ളതും അതിർത്തി കടന്ന്. വരുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ കൂടുതലായി സ്വീകരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട് |

സെക്ഷൻ ഓഫീസർ